"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - എറണാകുളം ജില്ലയിലെ എടയാറ്റുചാൽ പാടശേഖരത്തിലെ പമ്പിംഗ് നടപടികൾ ആലപ്പുഴ പുഞ്ച സ്പെഷ്യൽ ഓഫീസ് വഴി നടപ്പിലാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഐ.എഫ്.എ) വകുപ്പ്**

സ.ഉ.(സാധാ) നം.394/2023/AGRI — തീയതി, തിരുവനന്തപുരം, 27-04-2023

---

പരാമർശം:- 1. എടയാറ്റുചാൽ നെല്ലുൽപാദക സമിതി പ്രസിഡന്റിന്റെ 13.09.2022-ലെ അപേക്ഷ.

2. ആലപ്പുഴ പുഞ്ച സ്പെഷ്യൽ ഓഫീസറുടെ 29.09.2022-ലെ എ6/4932/2022 നമ്പർ കത്ത്.

3. ആലപ്പുഴ ജില്ല കളക്ടറുടെ 26.10.2022-ലെ DCALP/9646/2022/C10 നമ്പർ കത്ത്.

4. ലാൻഡ് റവന്യൂ കമ്മീഷണറുടെ 22.11.2022-ലെ LR/13050/2022-LR(J8) നമ്പർ കത്ത്.

5. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ 20.01.2023-ലെ ADFW/614/2023-TA1 നമ്പർ കത്ത്.

**ഉത്തരവ്**

എറണാകുളം ജില്ലയിലെ പാടശേഖരങ്ങളെ കോട്ടയം, തൃശൂർ പുഞ്ച സ്പെഷ്യൽ ഓഫീസുകൾ നിലവിൽ പമ്പിംഗ് നടപടിയുമായി ബന്ധപ്പെട്ട് ഉൾക്കൊള്ളിച്ചിട്ടില്ലാത്തതിനാൽ എറണാകുളം ജില്ലയിലെ പറവൂർ താലൂക്ക് കടുങ്ങല്ലൂർ വില്ലേജിലെ എടയാറ്റുചാൽ പാടശേഖരത്തെ ആലപ്പുഴ പുഞ്ച സ്പെഷ്യൽ ഓഫീസ് പരിധിയിൽ പമ്പിംഗ് ലേലത്തിൽ ഉൾപ്പെടുത്തണമെന്ന് പരാമർശം (1) പ്രകാരമുള്ള അപേക്ഷയുടെയും, പരാമർശം (2) പ്രകാരമുള്ള റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലാ കളക്ടർ പരാമർശം (3) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണറോട് അപേക്ഷിച്ചിരുന്നു. എടയാറ്റുചാൽ പാടശേഖരത്തെ ആലപ്പുഴ പുഞ്ച സ്പെഷ്യൽ ഓഫീസ് പരിധിയിൽ പമ്പിംഗ് ലേലത്തിൽ ഉൾപ്പെടുത്താവുന്നതാണെങ്കിൽ ഉത്തരവ് നൽകണമെന്ന് ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശം (4) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. എറണാകുളം ജില്ലയിലെ പാടശേഖരങ്ങളെ കോട്ടയം, തൃശ്ശൂർ പുഞ്ച സ്പെഷ്യൽ ഓഫീസുകൾ നിലവിൽ പമ്പിംഗ് നടപടികളുമായി ബന്ധപ്പെട്ട് ഉൾകൊള്ളിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ എറണാകുളം ജില്ലയിലെ എടയാറ്റുചാൽ

പാടശേഖരത്തിലെ പമ്പിംഗ് നടപടികൾ ആലപ്പുഴ പുഞ്ച സ്പെഷ്യൽ ഓഫീസ് വഴി നടപ്പിലാക്കുന്നതിന് അനുമതി നൽകാവുന്നതാണെന്ന് കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ പരാമർശം (5) പ്രകാരം ശിപാർശ ചെയ്തിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എറണാകുളം ജില്ലയിലെ പാടശേഖരങ്ങളെ കോട്ടയം, തൃശ്ശൂർ പുഞ്ച സ്പെഷ്യൽ ഓഫീസുകൾ നിലവിൽ പമ്പിംഗ് നടപടികളുമായി ബന്ധപ്പെട്ട് ഉൾകൊള്ളിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ, ലാൻഡ് റവന്യൂ കമ്മീഷണറുടെ അഭ്യർത്ഥന, കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ ശിപാർശ എന്നിവ പരിഗണിച്ച് എറണാകുളം ജില്ലയിലെ എടയാറ്റുചാൽ പാടശേഖരത്തിലെ പമ്പിംഗ് നടപടികൾ ആലപ്പുഴ പുഞ്ച സ്പെഷ്യൽ ഓഫീസ് വഴി നടപ്പിലാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജെസ്സി ജോർജ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), തിരുവനന്തപുരം.
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
ജില്ല കളക്ടർ, ആലപ്പുഴ.
പുഞ്ച സ്പെഷ്യൽ ഓഫീസർ, ആലപ്പുഴ.
ശ്രീ.പി.എ.അബൂബക്കർ, പ്രസിഡന്റ്, എടയാറ്റുചാൽ നെല്ലുൽപാദക സമിതി, എടയാർ, ബിനാനിപുരം.പി.ഒ, എറണാകുളം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.അഗ്രി-ഐ.എഫ്.എ1/47/2022-അഗ്രി).

പകർപ്പ്:- ബഹു കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
കാർഷികോത്‌പാദക കമ്മീഷണറുടെ പി.എ.യ്ക്ക്
കൃഷി വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്.

ഉത്തരവിൻ പ്രകാരം
Signed by
Manesh C M
Date: 28-04-2023 06:01:32
സെക്ഷൻ ഓഫീസർ